<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം: ആ.വ. - ജീവനക്കാര്യം:- അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിലെ പി.എസ്.സി നിയമനം - പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റൻറ് സർജനായി പുനഃനിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ1- 22717/2024/DHS തീയതി 10.10.2024
2. സ.ഉ (സാധാ ) നം . 10 / 2025 /H&FWD , തീയതി 03.01.2025
3. ഉത്തരവ് നം. ഇ.എ1- 22717/2024/DHS തീയതി 18.01.2025
4. ഡോ. തസ്നി കെ മൊയ്തീൻ സമർപ്പിച്ച അപേക്ഷ തീയതി 21.01.2025

**<u>ഉത്തരവ് നം. ഇ.എ1- 22717/2024/DHS തീയതി. 23-01-2025</u>**

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻറെ നിയമന ശിപാർശയിൽ **Dr. Thasni K Moideen, Mannuparambil House, Vengola, Ernakulam - 683556** അസിസ്റ്റൻറ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും, ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പ്രവേശന കാലാവധി 27.01.2025 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രവേശന കാലാവധി അവസാനിക്കുന്നതിനാൽ പരാമർശം (3) പ്രകാരം തൃശ്ശൂർ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം നൽകിയിരുന്നു. പ്രസ്തുത സ്ഥാപനത്തിൽ ഒഴിവ് നിലവിലില്ലാത്തതിനാൽ ഡോ. തസ്നി കെ മൊയ്തീൻ - നെ **എറണാകുളം കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ** പുനഃ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ **28.01.2025** തീയതിയിൽ അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്. ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

<u>പൊതുസ്ഥലംമാറ്റം 2025 നടപടികൾ നടത്തുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.</u>

Signed by
Reena K J
Date: 23-01-2025 16:48:36

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

**Dr. Thasni K Moideen, Mannuparambil House, Vengola, Ernakulam -**

683556

പകർപ്പ്:- 1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം / തൃശ്ശൂർ.
(ഡോ. തസ്നി കെ മൊയ്തീനെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിനു വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

3. സൂപ്രണ്ട്,ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി.
(ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)

4. ഫയൽ/ കരുതൽ ഫയൽ.